സാമൂതിരിപ്പാടും മുഹമ്മദീയരും

(പി. സി. മാനവിക്രമൻ രാജാ, ബി. എ; എൽ. ടി.)

IV

സാമൂതിരിപ്പാട്ടിലേക്കു കപ്പൽസൈന്യവും കരസൈന്യവും ഉണ്ടായിരുന്നു. വാസ്തവത്തിൽ ഇന്ത്യയിലെ രാജാക്കന്മാരിൽ പ്രധാനമായി സാമൂതിരിക്കേ കപ്പൽ സൈന്യമുണ്ടായിരുന്നുള്ളുവെന്നാണ് ചില ചരിത്രകാരന്മാർ പറയുന്നതു്. സാമൂതിരിയുടെ കപ്പൽ സൈന്യത്തിലുണ്ടായിരുന്നവർ മുഴുവനും മാപ്പിളമാരായിരുന്നു. പോർച്ചുഗീസുകാരുടെ കാലത്തു്പോലും നായന്മാർ കപ്പലിലിരിക്കുമ്പോഠം തീരെ ഭക്ഷണം കഴിക്കാതെ രണ്ടുമൂന്നു ദിവസം കഴിച്ചുകൂട്ടിയതായി കാണുന്നതിനാൽ കപ്പൽ യാത്രയിലും കപ്പൽ യുദ്ധത്തിലും മാപ്പിളമാർ മാത്രം പങ്കെടുക്കുവാൻ കാരണമായി. കപ്പലിൽ മാപ്പിളമാക്കു ആഠം പോരാതെവന്നതിനാൽ കടപ്പുറത്തെ ഓരോ മുക്കുവകുടുംബത്തിൽനിന്നും ഒന്നോ രണ്ടോ പേർ മുഹമ്മദീയനാവേണമെന്നും സാമൂതിരി കല്പിച്ചിരുന്നു. സാമൂതിരിയുടെ കപ്പൽസൈന്യം ഈജിപ്തിലും സിലോണിലും (ലങ്ക) പോയി യുദ്ധം നടത്തിയതായി കാണുന്നതിനാൽ മാപ്പിളമാർ ഈ ഘട്ടങ്ങളിൽ വഹിച്ച പങ്കു ഒട്ടും നിസ്സാരമാവാനിടയില്ല. പോർച്ചുഗീസുകാർ കപ്പൽ യാത്രയിൽ മുഹമ്മദീയരെക്കാളും സമർത്ഥന്മാരായിരുന്നിട്ടുകൂടി 1498 മുതൽ 1666 വരെ 163 കൊല്ലത്തോളം സമുദ്രത്തിൽ സാമൂതിരിയും പോർച്ചുഗീസുകാരുമായി യുദ്ധം ചെയ്യേണ്ടിവന്നതിൽ നിന്നും സാമൂതിരിയുടെ കപ്പൽ സൈന്യവും പരാക്രമത്തിൽ ഒട്ടും പിന്നോക്കമായിരുന്നില്ലെന്നു വിശ്വസിക്കാം.

കടൽക്കച്ചവടം നിമിത്തമാണ് സാമൂതിരിയുടെ ഭണ്ഡാരത്തിലും പണം നിറഞ്ഞതു. ഈ കടൽക്കച്ചവടം നടത്തിയതും മുഹമ്മദീയരായിരുന്നുവല്ലൊ. അതിനാൽ കോഴിക്കോട്ടിനു പുറമെ കച്ചവടാവശ്യംകൊണ്ടും യുദ്ധാവശ്യത്തിനാലും പല തുറമുഖങ്ങളും സാമൂതിരിയുടെ രാജ്യത്തു് ഉണ്ടാകുവാനും അവിടങ്ങളിലെല്ലാം മുഹമ്മദീയർ (മാപ്പിളമാർ) ധാരാളം അധിവസിക്കുവാനും സാഗതിയായി. വടകരക്കെതിരായി കോട്ടപ്പുഴയുടെ തെക്കുവശത്തുള്ള പുതുപ്പട്ടണം (തുറശ്ശേരി) തിക്കോടി, പന്തലായിനി (കൊല്ലം) കപ്പാട്ട്, പാലിയം, താനൂർ, പൊന്നാനി, ചേറുവായ്, കൊടുങ്ങല്ലൂർ മുതലായ തുറമുഖങ്ങളിലെല്ലാം വളരെക്കാലം മുമ്പു തൊട്ടു് മാപ്പിളമാർ അധികമായി താമസിക്കുവാൻ ഇതാണ് കാരണം. കോഴി

ക്കോട്ട കഴിച്ചാൽ മാപ്പിളമാക്ക പന്തലായിനി, ചാലിയം, പൊന്നാനി, കൊടുങ്ങല്ലൂർ ഈ വക സ്ഥലങ്ങളും മതപരമായും പ്രാചീനത്വമുള്ളവയാണ്. എല്ലാ തുറമുഖങ്ങളിലും വരുന്ന കപ്പലുകളും അപായംകൂടാതെ നങ്കൂരമിട്ട് നില്ക്കുന്നതും മറ്റും പരിശോധിക്കുവാനായി സാമൂതിരി ഒരു പ്രധാന മാപ്പിള ഉദ്യോഗസ്ഥനെ നിയമിച്ചിരുന്നു. ഇദ്ദേഹത്തിന്ന് "തുറമരക്കാർ" എന്ന സ്ഥാനവും കൊടുത്തു. കപ്പൽപ്പടയിലെ പ്രധാന നായകസ്ഥാനം (grand Admiral) താലിമരക്കാരുടെ തറവാട്ടിലേക്ക് പാരമ്പര്യാവകാശമായി പണ്ടുതന്നെ സാമൂതിരിപ്പാട് കല്പിച്ചു കൊടുത്തിരുന്നു. കുഞ്ഞാലിമരക്കാരുടെ കുടുംബം പുതുപട്ടണത്തിലായിരുന്നതിനാൽ ആ സ്ഥലത്തിന്നു കൂടുതൽ പ്രാധാന്യവും സിദ്ധിച്ചു. "കോഴിക്കോട്ടുകാർ ധൈര്യശാലികളായ നാവികന്മാരാകയാൽ കടൽക്കള്ളന്മാർ അവരെ ആക്രമിക്കാൻ ധൈര്യപ്പെടുന്നില്ല" എന്ന് 1442-ൽ പേർസ്യയിൽ നിന്നു സാമൂതിരി കോവിലകത്ത് ദൂതനായി വന്ന അബ്ദുൽറസാഖ് പറഞ്ഞിരിക്കുന്നു. പോർച്ചുഗീസ്സുകാക്കു കൂടി തീരെ നിശ്ചയമില്ലാത്ത ചില നാവിക യന്ത്രങ്ങളും അന്നത്തെ മുഹമ്മദീയർ ഉപയോഗിച്ചിരുന്നതായി പോർച്ചുഗീസുകാർതന്നെ സമ്മതിച്ചിട്ടുണ്ട്. എങ്കിലും നിർഭാഗ്യവശാൽ സാമൂതിരി തന്റെ കപ്പൽസൈന്യം കാലത്തിന്നനുസരിച്ചു പരിഷ്കരിക്കാത്തതു് അവസാനം ദോഷത്തിന്നിടയാക്കി. കപ്പലുകളും പണ്ടത്തെപ്പോലെ പെരുതായിരുന്നതുകൊണ്ടും തോക്കുകൾകൊണ്ടു് യുദ്ധം ചെയ്യാൻ സൌകര്യം കുറഞ്ഞതുകൊണ്ടും ഏകോപിച്ചു് ശത്രുവെ എതിർക്കുവാൻ അപ്രാപ്തമായിഭവിച്ചു. ഒളിയുദ്ധത്തിലും (Guerilla) ചെറു യുദ്ധത്തിലും കപ്പൽസൈന്യത്തിലെ മാപ്പിളമാരെ ആർക്കും തോല്പിക്കുവാൻ സാധിച്ചിരുന്നില്ല. എന്നാൽ ധൈര്യവും പരാക്രമവും ശക്തിയുംകൊണ്ടും യൂറോപ്യന്മാരുടെ കപ്പലുകളുമായി നേരിട്ടുള്ള യുദ്ധങ്ങളിൽ വിജയം കൈവരുത്തുവാൻ സഹായിച്ചില്ല. യൂറോപ്യന്മാർ എല്ലാ കപ്പലുകളെയും ഒരുമിപ്പിച്ചു് ചിട്ടയിൽ യുദ്ധം നടത്തിയതിനാൽ അവസാനം ജയിച്ചു. സാമൂതിരി തന്റെകപ്പൽസൈന്യത്തിന്നും കച്ചവടകപ്പലുകൾക്കും യാതൊരാപത്തും വരാതിരിക്കുവാനായി തന്റെ വക ശ്രീവളയനാട്ടു ഭഗവതീക്ഷേത്രത്തിൽ "കപ്പലോട്ട ഭഗവതി"യേയും പ്രതിഷ്ഠിച്ചു് നിത്യേന പൂജാദികർമ്മം കഴിച്ചു് വന്നതായും കാണുന്നു.

സാമൂതിരിയുടെ കരസൈന്യത്തിൽ കാലാൾ പട്ടാളവും കുതിരപ്പട്ടാളവുമുണ്ടായിരുന്നു. കാലാൾ പട്ടാളത്തിലെ "തോക്കും വെടിക്കാരിൽ" (Musketeers) ഭൂരിപക്ഷവും മാപ്പിളമാരായിരുന്നു. എന്നു മാത്രമല്ല വെടിമരുന്നുണ്ടാക്കുവാനുള്ള അവകാശവും മാപ്പിളമാക്കായിരുന്നു അനുവദിച്ചിരുന്നത്. പണ്ടത്തെ സാമൂതിരി കോവിലകത്തിൽ നിന്ന് $1\frac{1}{2}$ നാഴികമാത്രം ദൂരമുണ്ടായിരുന്ന കല്ലായ് അഴിമുഖത്തിൽ കൂടി ശത്രുക്കൾ നഗരത്തിലേക്ക് പ്രവേശിക്കാതിരിപ്പാനായി നീളത്തിൽ കെട്ടിയ കന്മതിലിന്നുള്ളിൽ മാപ്പിളമാരായിരുന്ന കാവൽപട്ടാളമായി നിന്നിരു

ന്നത്. പോർച്ചുഗീസുകാരെ തീരെ നശിപ്പിക്കുന്നതിൽ നായന്മാരേക്കാൾ ഒട്ടും കുറയാത്ത ഒരു പങ്ക് സാമൂതിരിയുടെ മാപ്പിളപ്പട്ടാളക്കാർക്കുണ്ടായിരുന്നതായി ചരിത്രംതന്നെ അസംശയം തെളിവ് തരുന്നുണ്ട്. സാമൂതിരി കോഴിക്കോട് നഗരം സ്ഥാപിച്ച് അടുത്തുള്ള പോർളാതിരിയെ ജയിച്ച് തന്റെ സാമ്രാജ്യത്തിന് പിന്നെയും വികസിപ്പിക്കാൻ കാത്തിരിക്കയായിരുന്നു. അതനുസരിച്ച് ഒന്നാമത് വെള്ളാട്ടിരിയിൽനിന്നും തിരുനാവായ പിടിച്ചെടുത്ത് ചേരമാൻ പെരുമാൾ പണ്ട് ചെയ്തിരുന്നപോലെ മാമാങ്കമഹോത്സവം കൊണ്ടാടിയതാണല്ലൊ. തിരുനാവായ പിടിച്ചടക്കുവാൻ കോഴിക്കോട്ട കോയയും മാപ്പിളമാരും സാമൂതിരിപ്പാട്ടിലേക്ക് നല്ല സഹായം ചെയ്തുവെന്നതിന്ന് സംശയമില്ല. ഇങ്ങിനെ സാമൂതിരി തിരുനാവായ പിടിച്ച് മാമാങ്കം കൊണ്ടാടിയത് 12-ാം നൂറാണ്ടിന്റെ ആരംഭത്തോടടുത്തിയാണെന്നാണ് ചരിത്രകാരന്മാർ ഏതാണ്ട് ഊഹിക്കുന്നത്. അതിനാൽ 800 കൊല്ലങ്ങൾക്കു മുമ്പ്തന്നെ സാമൂതിരിയെ യുദ്ധങ്ങളിൽ മാപ്പിളമാർ സഹായിക്കുവാൻ തുടങ്ങിയെന്നും വിചാരിക്കാം. വെള്ളാട്ടിരിയെ തോല്പിച്ച് തിരുനാവായയിൽ വെച്ച് സാമൂതിരി മാമാങ്കം നടത്തുവാനിടയായത് സംബന്ധിച്ച് മുഹമ്മദീയരും ഹിന്തുക്കളും പൊതുവിൽ വിശ്വസിക്കുന്ന ചില ഐതിഹ്യങ്ങളെപ്പറ്റി അടുത്ത ലേഖനത്തിൽ പ്രസ്താവിക്കുന്നതാണ്.

വിശേഷാൽ പ്രതി
ഉടൻ പുറപ്പെടും.

ധാരാളം ഗദ്യപദ്യ ലേഖനങ്ങളും, അനവധി ബ്ലോക്കുകളും മുതലായവകൊണ്ടു ആരേയും ആകർഷിക്കുന്ന ഒരു സാഹിത്യോപഹാരം. പരസ്യങ്ങളും, ലേഖനങ്ങളും, കുറിപ്പുകളും, ബ്ലോക്കുകളും മുതലായവ ഉടൻ അയയ്ക്കുക. അനവധി ലേഖനങ്ങളും പരസ്യങ്ങളും ഇതിനകം കിട്ടിക്കഴിഞ്ഞു. ലേഖനങ്ങൾ ഇനിയും ആവശ്യമുണ്ട്.

പരസ്യക്കാർക്കു അമൂല്യാവസരം

പരസ്യങ്ങൾ ശേഖരിക്കുന്നതിന് എല്ലാ സ്ഥലങ്ങളിലും ഏജൻറന്മാരെ ആവശ്യമുണ്ട്. നല്ല കമ്മീഷൻ കൊടുക്കുന്നതാണ്. പരസ്യക്കൂലി മുൻകൂർകിട്ടാതെ പരസ്യം സ്വീകരിക്കുന്നതല്ല. മകരം 10-ാംനു വിശേഷാൽപ്രതിയുടെ അച്ചടി ആരംഭിക്കുന്നതാണ്. വിവരത്തിന് ഇന്നുതന്നെ മാനേജർക്ക് എഴുതുക.

മാനേജർ, മുസ്ലിംവനിത—തിരുവല്ലാ.